പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2970

18.06.2018-ൽ മറുപടിക്ക്

## ട്രോളിംഗ് നിരോധനം

| | ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | ഉത്തരം<br>ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഈ വർഷം ട്രോളിംഗ് നിരോധനം എന്നുമുതൽ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; ഇതിനായി എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്തി എന്ന് വിശദീകരിക്കുമോ; | (എ) | ഈ വർഷം ട്രോളിംഗ് നിരോധനം ജൂൺ 9-ാം തീയതി അർദ്ധരാത്രി 12 മണിമുതൽ ആരംഭിച്ച് ജൂലൈ 31-ാം തീയതി അർദ്ധ രാത്രി 12 മണി വരെ 52 ദിവസത്തേക്ക് ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ട്രോളിംഗ് നിരോധനം കൂടുതൽ കാര്യക്ഷമമായും കുറ്റമറ്റതായും നടത്തുന്നതിനുവേണ്ടി സർക്കാർ നിരവധി മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ട്. 2018 മേയ് 15 മുതൽ എല്ലാ മറൈൻ ജില്ലകളിലും കൺട്രോൾ റൂം തുറന്നു പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. ട്രോളിംഗ് നിരോധന കാലയളവിൽ കടലിലുണ്ടാകാവുന്ന അപകടങ്ങൾ മുന്നിൽ കണ്ട് കടൽ പട്രോളിംഗും രക്ഷാപ്രവർത്തനങ്ങളും നടത്തുന്നതിനും 9 മറൈൻ ജില്ലകളിലായി 17 റെസ്ക്യൂ ബോട്ടുകളും ആവശ്യത്തിന് ഫൈബർ വള്ളങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ആയത് 9-ാം തീയതി അർദ്ധ രാത്രി മുതൽ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. രക്ഷാപ്രവർത്തനം നടത്തുന്നതിന് മത്സ്യത്തൊഴിലാളി കുടുംബത്തിൽ നിന്നും കടൽ പരിചയമുള്ള 80 പേരെ തെരഞ്ഞെടുത്ത് കടൽ രക്ഷാ ഗാർഡുകളായി നിയമിച്ചിട്ടുണ്ട്. നിരോധന കാലയളവിൽ അപകടങ്ങളുണ്ടായാൽ മറൈൻ എൻഫോഴ്സ്മെന്റും, കോസ്റ്റൽ പോലീസും, കോസ്റ്റ് ഗാർഡും, ഇന്ത്യൻ നേവിയും സംയുക്തമായി രക്ഷാപ്രവർത്തനം നടത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവസ്ഥ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം എത്തിക്കുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ട്രോളിംഗ് നിരോധനകാലത്ത് മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദീകരിക്കുമോ; | (ബി) | ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകുന്നുണ്ട്. കൂടാതെ ട്രോളിംഗ് നിരോധന കാലത്ത് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസ സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരമുള്ള സാമ്പത്തിക |

| | | | |
|---|---|---|---|
| | | | സഹായം നൽകി വരുന്നു. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം മെയ്, ജൂൺ, ജൂലൈ മാസങ്ങളിലായി മൊത്തം 4500/- രൂപ മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്നു. |
| (സി) | ട്രോളിംഗ് നിരോധന സമയത്ത് മത്സ്യബന്ധനത്തിന് പോകുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | കടലിൽ പോകുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അപകടമോ മറ്റോ സംഭവിച്ചാൽ അവരെ രക്ഷപ്പെടുത്തുന്നതിനു വേണ്ടി 17 രക്ഷാ ബോട്ടുകൾ എല്ലാ മറൈൻ ജില്ലകളിലും ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചും സജ്ജീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള കടൽ പരിചയമുള്ള 80 ഫിഷറീസ് ഗാർഡുകളെ എല്ലാ മറൈൻ ജില്ലകളിലും റെസ്ക്യൂ ഗാർഡുകളായി നിയമിച്ചിട്ടുണ്ട്. മറൈൻ എൻഫോഴ്സ്മെന്റ്, തീരദേശ പോലിസ്, കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവരുടെ സേവനങ്ങൾ എപ്പോൾ വേണമെങ്കിലും ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തിച്ചുകൊടുക്കുന്നതിനുള്ള സംവിധാനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**